കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം- ചെലവൂർ സ്റ്റേഡിയം നിർമ്മാണം 2-ാം ഘട്ടം - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.3847/17/തസ്വഭവ തിരുവനന്തപുരം, തീയതി :29.11.2017

വായന:- 1. 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്

2. പൊതുമരാമത്തു വകുപ്പ്(കെട്ടിട വിഭാഗം) ചീഫ് എൻജിനീയറുടെ 20/09/17 ലെ CE/BL/PLG/LAC-ADS/KKD-5496/17 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ യുടെ 2017-18 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചെലവൂർ സ്റ്റേഡിയം നിർമ്മാണം 2-ാം ഘട്ടം എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ 25.00 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ, പൊതുമരാമത്തു വകുപ്പ് (കെട്ടിട വിഭാഗം) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.എ.പ്രദീപ് കുമാർ എം.എൽ.എ യുടെ 2017-18 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും ചെലവൂർ സ്റ്റേഡിയം നിർമ്മാണം 2-ാം ഘട്ടം എന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനനടപ്പിലാക്കുന്നതിനായി ലംപ്സം ഇനത്തിൽ ലാൻഡ്സ്കേപ്പിംഗിനായി വകയിരുത്തിയിരിക്കുന്ന 75,000/- രൂപ ഒഴിവാക്കികൊണ്ട് 24,25,000/- രൂപ( ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിനും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി. എ.ഡി.എസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. എ. പ്രദീപ് കുമാർ എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, പൊതുമരാമത്തു വകുപ്പ്(കെട്ടിട വിഭാഗം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം.
സെക്രട്ടറി, ചെലവൂർഗ്രാമപഞ്ചായത്ത്
ധനകാര്യ വകുപ്പ് (അ .നം. :1013/ എൻ . സി . സി .2/2017/ ധന. തീ.09.11.2017 )
ത.സ്വ.ഭ.വ(ഒ.എസ്) വകുപ്പ്(ഡി.ബി.2/326/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ